(ഡി) 6 മാസത്തിനകം 17 ലക്ഷം രൂപ മുടക്കി സ്ഥലം അക്വയർ ചെയ്ത് സ്കൂളിന് കൊടുക്കണം എന്നുള്ള ലോകായുക്തയുടെ വിധി വന്നതെന്നാണ് ;

(ഇ) പ്രസ്തുത വിധിനടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നറിയിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1980-ൽ.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) 16-3-2001-ൽ

(ഇ&എഫ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്. ഇക്കാര്യം ആ വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

സ്കൂൾ/കോളേജ് തലങ്ങളിൽ നിയമന നിരോധനം

187 (2920) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ നിയമന നിരോധനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് മുതലുള്ള നിയമനങ്ങൾക്കും എപ്രകാരമുള്ള നിയമനങ്ങൾക്കുമാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) നിരോധന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) സർക്കാർ ഉത്തരവ് ജി. ഒ. (പി) 56/2002 തീയതി 16-1-2002 പ്രകാരം ഏതെല്ലാം രീതിയിലുള്ള നിയമനങ്ങളാണ് നിരസിക്കപ്പെടുന്നത്.

(ഇ) ലീവ് വേക്കൻസി നിയമനങ്ങളും റിട്ടയർമെന്റ് വേക്കൻസി നിയമനങ്ങളും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(എഫ്) നിയമന നിരോധനം എന്നേയ്ക്ക് പിൻവലിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ജി) നിലവിലുള്ള അദ്ധ്യാപക-അദ്ധ്യാപകേതര ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ/കോളേജ് നിയമനങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) 16-1-2002-ന് ശേഷമുള്ള എല്ലാ നിയമനങ്ങൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. കോളേജ് തലത്തിൽ പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്നാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) കോളേജ് തലത്തിലുള്ള നിരോധന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) ഈ സർക്കാർ ഉത്തരവുപ്രകാരം ചില നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. 16-1-2002-ലെ (പി) 56/2002/ഫിൻ ഉത്തരവ് പ്രകാരം ഒരു തരത്തിലുള്ള നിയമനങ്ങളും നിരസിക്കപ്പെടുന്നില്ല. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ജി) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയശേഷം ഒഴിവുകൾ നികത്താവുന്നതാണ്. കൂടാതെ പി.എസ്.സി. നിയമനങ്ങൾ സർക്കാർ അനുമതിയോടെ നടത്താവുന്നതാണ്. കോളേജ് തലത്തിലുള്ള അദ്ധ്യാപക തസ്തികകളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കുവാൻ കോളേജ് പ്രിൻസിപ്പിൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൈവറ്റ് കോളേജുകളിൽ നിരവധി അനദ്ധ്യാപക തസ്തികകൾ അധികമാണെന്ന് കണ്ടതിനെത്തുടർന്ന് അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്തുവരികയാണ്. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെങ്കിൽ നികത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകുന്ന നടപടി

188 (2936) ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ നൽകുന്ന പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകാറുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വരവ് ചെലവ് അനുപാതത്തിൽ ഉള്ള അന്തരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly